ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

പ്രധാന വാർത്തകൾ

DATE: 25.07.2024

TIME : 12.50 PM

1. 25-ാമത് കാർഗിൽ വിജയ് ദിവസിനോട് അനുബന്ധിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലഡാക്കിലെ കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും.

   **Prime Minister Narendra Modi will visit Kargil War Memorial tomorrow on the occasion of the 25th Kargil Vijay Diwas.**

2. പാർലമെന്റിലെ പ്രതിപക്ഷത്തിന്റെ പെരുമാറ്റത്തെ രൂക്ഷമായി വിമർശിച്ച് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു.

   **Parliamentary Affairs Minister Kiren Rijiju today hit out at opposition leaders and demanded the floor leaders of political parties to direct the Members not to create ruckus and have a civilised and sensitive debate in the Parliament.**

3. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തിരച്ചിൽ 10-ാം ദിവസവും തുടരുന്നു.

   **Search for Arjun, who went missing on Shirur landslide enters 10th day.**

4. എക്സൈസ് നയ അഴിമതിയുമായി ബന്ധപ്പെട്ട സിബിഐ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഓഗസ്റ്റ് 8 വരെ നീട്ടി.

   **The Rouse Avenue Court in Delhi today extended the judicial custody of Delhi Chief Minister Arvind Kejriwal till 8th of August in connection with the excise policy case.**

5. പാരീസ് ഒളിമ്പിക്സിന് നാളെ ഔദ്യോഗിക തുടക്കം ; ഏഷ്യാകപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ത്യ നാളെ ബംഗ്ലാദേശിനെ നേരിടും.

**In the Paris Olympics 2024, India's journey will begin today, a day before the Opening Ceremony. In Asia Cup Women T-20 Cricket Semi Finals, India will take on Bangladesh tomorrow.**

**********************************************

# HEADLINE–1
## PM - KARGIL

25-ാമത് കാർഗിൽ വിജയ് ദിവസിനോട് അനുബന്ധിച്ച്, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലഡാക്കിലെ ദ്രാസിലുള്ള കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും. രാജ്യത്തിന് വേണ്ടി ജീവൻ ത്യജിച്ച ധീര സൈനികർക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിക്കും. ഷിൻകുൻ ലാ ടണൽ പദ്ധതിയുടെ നിർമാണത്തിനും പ്രധാനമന്ത്രി തുടക്കം കുറിക്കും. 4.1 കിലോമീറ്റർ ആണ് തുരങ്കപാതയുടെ നീളം. നിമു - പദും - ദാർച്ച വഴി, ലേ-യിലേക്ക് എല്ലാ കാലാവസ്ഥയിലും ഗതാഗതം സാധ്യമാക്കുകയാണ് ലക്ഷ്യം. ഏകദേശം 15,800 അടി ഉയരത്തിലാണ് തുരങ്കപാത നിർമിക്കുക. നിർമ്മാണം പൂർത്തിയാകുമ്പോൾ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ തുരങ്കമായി ഷിൻകുൻ ലാ ടണൽ മാറും. സായുധ സേനയുടെയും പ്രതിരോധ സാമഗ്രികളുടെയും കാര്യക്ഷമമായ കൈമാറ്റത്തിനും ലഡാക്കിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനും തുരങ്കപാത വഴിയൊരുക്കും.

*******************************************

# HEADLINE–2
## RIJIJU - OPPOSITION

പാർലമെന്റിലെ പ്രതിപക്ഷത്തിൻറെ പെരുമാറ്റത്തെ രൂക്ഷമായി വിമർശിച്ച് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു.

പ്രധാനപ്പെട്ട ചർച്ചകൾ നടക്കുമ്പോൾ ബഹളം സൃഷ്ടിക്കാതെ മാന്യമായ രീതിയിൽ പെരുമാറാൻ അംഗങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും പ്രതിപക്ഷ കക്ഷി നേതാക്കളോട് മന്ത്രി ആവശ്യപ്പെട്ടു. ഇന്ത്യയെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കാനാണ് കേന്ദ്രബജറ്റ് ലക്ഷ്യമിടുന്നതെന്നും സ്ത്രീകളുടെയും കർഷകരുടെയും ക്ഷേമം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാണ് ബജറ്റ് പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. കേന്ദ്ര ബജറ്റിനെക്കുറിച്ചുള്ള ചർച്ച മികച്ചതും അർത്ഥവത്തായതുമായ രീതിയിൽ നടക്കാൻ രാജ്യം ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ ശ്രീ റിജിജു ജനവിധി മാനിക്കാൻ പ്രതിപക്ഷ പാർട്ടികളോട് ആഹ്വാനം ചെയ്തു. രാജ്യത്തിന്റെ ജനവിധിയെ പ്രതിപക്ഷ നേതാക്കൾ സഭയിൽ അവഹേളിച്ചതായും അദ്ദേഹം കുറ്റപ്പെടുത്തി.

*******************************************

## PARLIAMENT

പാർലമെന്റിൽ ബഡ്ജറ്റിൻ മേലുള്ള ചർച്ച ഇന്നും തുടരുന്നു, ലോക്സഭയിൽ ചോദ്യോത്തര വേള പുരോഗമിക്കുകയാണ്. രാജ്യസഭയിലും ചർച്ച തുടരുന്നു.

*******************************************

## LS-BJP MEMBER

പൊതുബജറ്റിനെക്കുറിച്ചുള്ള ചർച്ചക്കിടെ ലോക്സഭയിൽ ബിജെപി അംഗം അഭിജിത് ഗംഗോപാധ്യായ നടത്തിയ പരാമർശത്തിനെതിരെ പ്രതിഷേധവുമായി കോൺഗ്രസും തൃണമൂൽ കോൺഗ്രസ്സും. ഇന്ന് രാവിലെ സഭ ചേർന്നപ്പോൾ കോൺഗ്രസിലെയും ടിഎംസിയിലെയും അംഗങ്ങൾ ബിജെപി അംഗത്തിനെതിരെ നടപടി ആവശ്യപ്പെട്ടിരുന്നു. എംപിയുടെ പരാമർശങ്ങൾ ഉചിതമല്ലെന്നും സഭയുടെ അന്തസ്സിനു ചേർന്നതല്ലെന്നും പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ബിജെപി എംപിക്ക് താക്കീത് നൽകിയിട്ടുണ്ടെന്ന് സ്പീക്കർ ഓം ബിർളയും അറിയിച്ചു.

******************************************

## PRESIDENT

രാഷ്ട്രപതി പദവിയിലെത്തി രണ്ടു വർഷം തികഞ്ഞ അവസരത്തിൽ അധ്യാപികയായി ശ്രീമതി ദ്രൗപതി മുർമു. പ്രസിഡന്റ് എസ്റ്റേറ്റിലെ ഡോ. രാജേന്ദ്ര പ്രസാദ് കേന്ദ്രീയ വിദ്യാലയത്തിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്കാണ് രാഷ്ട്രപതി ക്ലാസെടുത്തത്. ആഗോള താപനം തടയേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും രാഷ്ട്രപതി കുട്ടികളുമായി സംവദിച്ചു.

(രാഷ്ട്രപതി വോയിസ്)

******************************************

## PM MODI UK FOREIGN SECY

യുകെയുമായുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായി പ്രധാനമന്ത്രി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ബ്രിട്ടനുമായുള്ള സ്വതന്ത്ര വ്യാപാര കരാറിനെയും ഇരു രാജ്യങ്ങളും തമ്മിലുള്ള സാങ്കേതിക സുരക്ഷാ സംരംഭത്തെയും സ്വാഗതം ചെയ്യുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തം വിശാലമാക്കുന്നതിന് യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ നൽകുന്ന പ്രാധാന്യത്തെ ശ്രീ മോദി അഭിനന്ദിച്ചു. സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച പുരോഗതിയിൽ ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തി. പ്രതിരോധം, ഇന്തോ-പെസഫിക് തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുമെന്ന ധാരണയും നേതാക്കൾ പങ്കുവച്ചു.

******************************************

## HEADLINE–3

## KARNATAKA - SEARCH

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തിരച്ചിൽ 10-ാം ദിവസമായ ഇന്നും തുടരുകയാണ്. അർജ്ജുന്റേതെന്ന് സംശയിക്കുന്ന ട്രെക്കിന്റെ സൂചനകൾ ഇന്നലെ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗംഗാവലി നദിയിൽ നാവികസേനയുടെ പരിശോധന പുരോഗമിക്കുകയാണ്. പുഴയിലെ ശക്തമായ അടിയൊഴുക്കാണ് തിരച്ചിൽ സംഘം നേരിടുന്ന പ്രധാന വെല്ലുവിളി. ട്രക്ക് പുറത്തെടുക്കാൻ ജില്ലാ ഭരണകൂടം കൂടുതൽ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.
*******************************************

## HEADLINE–4

## ARAVIND KEJRIWAL

എക്സൈസ് നയ അഴിമതിയുമായി ബന്ധപ്പെട്ട സിബിഐ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഓഗസ്റ്റ് 8 വരെ നീട്ടി. ഡൽഹി റൗസ് അവന്യൂ കോടതിയാണ് കസ്റ്റഡി കാലാവധി നീട്ടി നൽകിയത്. മദ്യനയ അഴിമതി സംബന്ധിച്ച ഇ.ഡി കേസിൽ കെജ്രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.
*******************************************

## SHEKHAR KAPUR

ഗോവയിൽ നടന്നു വരുന്ന ഇന്ത്യൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ഫെസ്റ്റിവൽ ഡയറക്ടറായി പ്രശസ്ത സംവിധായകൻ ശേഖർ കപൂറിനെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം നിയമിച്ചു. മേളയുടെ 55, 56 പതിപ്പുകളുടെ ഫെസ്റ്റിവൽ ഡയറക്ടറായാണ് നിയമനം.
*******************************************

## NIPAH

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന 16 സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതുവരെയായി ആകെ 58

സാമ്പിളുകളാണ് നെഗറ്റീവായത്. ആകെ സമ്പർക്ക പട്ടികയിലുള്ളവരുടെ എണ്ണം 472 ആണ്.
******************************************

## HEADLINE–5a
## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിന് നാളെ ഔദ്യോഗിക തുടക്കം. ഒളിമ്പിക്സിന്റെ ഉദ്ഘാടന ചടങ്ങിനായി പാരീസ് ഒരുങ്ങി. സെൻ നദിക്കരയിൽ നാളെ ഇന്ത്യൻ സമയം രാത്രി 11 മണിക്കാണ് ഉദ്ഘാടന പരിപാടികൾക്ക് തുടക്കമാവുന്നത്. ചടങ്ങിന്റെ വിശദാംശങ്ങൾ സംഘാടകർ പുറത്തുവിട്ടിട്ടില്ല. അതേസമയം, ഒളിമ്പിക്സിലെ ഇന്ത്യയുടെ പോരാട്ടങ്ങൾ അമ്പെയ്ത്ത് മത്സരങ്ങളോടെ ഇന്ന് ആരംഭിക്കും. ദീപിക കുമാരി, അങ്കിത ഭകത്, ഭജൻകൗർ, ബി ധീരജ്, തരുൺദീപ് റായ്, പ്രവീൺ ജാദവ് എന്നിവർ വ്യക്തിഗത റാങ്കിംഗ് റൗണ്ടിൽ ഇന്നിറങ്ങും. ഒളിമ്പിക്സിലെ ഫുട്ബോൾ, റഗ്ബി മത്സരങ്ങൾ ഇന്നലെ ആരംഭിച്ചിരുന്നു.
******************************************

## OLYMPICS-AIR NEWS

ഒളിംപിക്സിനോടനുബന്ധിച്ചുള്ള പ്രത്യേക പ്രക്ഷേപണം ഉള്ളതിനാൽ രാവിലെ 7.25 നുള്ള ആകാശവാണി വാർത്തകൾ നാളെ മുതൽ ആഗസ്റ്റ് 11 വരെ രാവിലെ 7.20 നായിരിക്കും പ്രക്ഷേപണം ചെയ്യുക.
******************************************

## HEADLINE–5b
## WOMENS CRICKET

ഏഷ്യാ കപ്പ് വനിത ട്വന്റി- 20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ നാളെ നടക്കും. ആദ്യ സെമിയിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഉച്ചക്ക് രണ്ടു മണിക്കാണ് മത്സരം. രണ്ടാം സെമിയിൽ, രാത്രി ഏഴു മണിക്ക് ശ്രീലങ്കയും പാകിസ്ഥാനും ഏറ്റുമുട്ടും.
******************************************

## BIDEN-ELECTION

2024ലെ യു.എസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിന്ന് മാറിനിൽക്കാനുള്ള തന്റെ തീരുമാനം ജനാധിപത്യ സംരക്ഷണത്തിന്റെ ഭാഗമെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ. പുതിയ തലമുറയ്ക്ക് ദീപം കൈമാറുകയാണെന്നും വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിൽ നിന്ന് രാജ്യത്തെ അഭിസംബോധന ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു. നവംബറിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിനെ നേരിടാൻ വൈസ് പ്രസിഡന്റ് കമലാ ഹാരിസിന് കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. തിരഞ്ഞെടുപ്പിൽ നിന്ന് പിന്മാറുമെന്ന് പ്രഖ്യാപിച്ചതിന് ശേഷം ആദ്യമായാണ് ബൈഡൻ ഒരു ഔദ്യോഗിക പരിപാടിയെ അഭിസംബോധന ചെയ്യുന്നത്.

*******************************************

## NETANYAHU - US CONGRESS

ഇസ്രായേൽ പലസ്തീൻ വിഷയത്തിൽ അന്താരാഷ്ട്രതലത്തിൽ വിമർശനങ്ങളുയരുമ്പോഴും ആയുധവിതരണത്തിൽ യുഎസ് പിന്തുണ ആവശ്യപ്പെട്ട് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. വാഷിംഗ്ടൺ ഡിസിയിൽ യുഎസ് കോൺഗ്രസിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹമാസ് തടവിലാക്കിയിട്ടുള്ള ബന്ദികളെ മോചിപ്പിക്കാൻ ഊർജ്ജിതശ്രമം നടത്തുന്നുണ്ടെന്നും നെതന്യാഹു പറഞ്ഞു.

*******************************************

## COCHIN-CIAL

കൊച്ചി വിമാനത്താവളത്തിൽ, ഉദ്യോഗസ്ഥ ഇടപെടലില്ലാതെ 20 സെക്കന്റിൽ സ്വയം ഇമിഗ്രേഷൻ നടപടി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഒരുങ്ങുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ' ഫാസ്റ്റ് ട്രാക് ഇമിഗ്രേഷൻ-ട്രസ്റ്റഡ് ട്രാവലേഴസ് പ്രോഗ്രാം' -ന്റെ ഭാഗമായാണ് പുതിയ സംവിധാനം.

ഇതുമായി ബന്ധപ്പെട്ട പരീക്ഷണം തിങ്കളാഴ്ച ആരംഭിക്കുമെന്നും, സംവിധാനം അടുത്തമാസം കമ്മിഷൻ ചെയ്യുമെന്നും സിയാൽ അറിയിച്ചു. ഡൽഹിക്ക് ശേഷം ഈ സംവിധാനം ഏർപ്പെടുത്തുന്ന രാജ്യത്തെ രണ്ടാമത്തെ വിമാനത്താവളമാകും കൊച്ചിയിലേത്.
******************************************

## DELIGATE KIT

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 16-ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് കിറ്റ് വിതരണം ഇന്ന് ആരംഭിക്കും. ഉദ്ഘാടനം ചീഫ് സെക്രട്ടറി വി. വേണു വൈകുന്നേരം കൈരളി തിയേറ്ററിൽ നിർവഹിക്കും. തുടർന്ന് രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്കുള്ള കിറ്റുകളും വിതരണം ചെയ്യും . നാളെ ആരംഭിക്കുന്ന ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേള ഈ മാസം 31 വരെ നീളും.

*

***************************

********************************************************